# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **06.07.2015-ലെ മറുപടിയ്ക്ക്**

**ചോദ്യം നം. 1725**

**സ്വാതന്ത്ര്യസമര പെൻഷൻ**

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ: | | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കാസർഗോഡ് ജില്ലയിൽ സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്നത് എത്ര പേർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ലഭിക്കുന്ന 90 പേരുണ്ട്. കേന്ദ്രസർക്കാർ അനുവദിക്കുന്ന പെൻഷൻ തെരഞ്ഞെടുക്കപ്പെട്ട പൊതു മേഖലാ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനാൽ സംസ്ഥാനത്തെ കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നവരുടെ കൃത്യമായ എണ്ണം സർക്കാരിൽ ലഭ്യമല്ല. |
| (ബി) ഇതിൽ എത്രപേർ ആശ്രിതരാണെന്ന് പറയാമോ; | (ബി) | കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ലഭിക്കുന്നവരിൽ 82 പേർ ആശ്രിതരാണ്. |
| (സി) സ്വാതന്ത്ര്യസമര പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (സി) | സംസ്ഥാന സർക്കാരിന്റെ സ്വാതന്ത്ര്യ സമര പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച പറ്റിയിട്ടില്ല എന്നാൽ കേന്ദ്ര സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | കേന്ദ്ര സർക്കാർ 2014 ഒക്ടോബർ മുതൽ കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ തെരഞ്ഞെടുത്ത പൊതുമേഖലാ ബാങ്കുകൾ വഴി മാത്രം വിതരണം ചെയ്യാൻ നടപടികൾ ആരംഭിച്ചിരുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി ചില ഉപഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാൻ കാലതാമസം നേരിട്ടുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതികൾ, ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് സഹിതം ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അടിയന്തിരമായി തന്നെ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |

Geethakumari

സെക്ഷൻ ഓഫീസർ